
# TRUE LIGHT AND LIFE

**METRO CHURCH OF GOD PALARIVATTOM** **PRIVATE CIRCULATION**

## THE MAGAZINE FOR THE CUBE




November 2023

ISSUE 13

# TABLE OF CONTENTS


01 Foreward

02 Editorial

03 `Fruit of the Spirit: GENTLENESS

04 `Fruit of the Spirit: PEACE

05 `Fruit of the Spirit: JOY

06 TAKE CHARGE, DEAR PARENTS

07 PARENTING (MALAYALAM)

08 My Testimony

09 Avoid Negative Words

10 CURRENT AFFAIRS : WAR

11 Word-Cross






# Fruit of the Spirit

## *FOREWORD*

ഒരാളുടെ വ്യക്തിത്വത്തെ മനോഹരമാക്കുന്നത് ആ
വ്യക്തിയുടെ സ്വഭാവത്തെ അടിസ്ഥാനമാക്കിയാണ്.

സ്നേഹവും സമാധാനവും സൗമ്യതയും സമ്മേളിക്കുന്ന
വ്യക്തികളുടെ ജീവ്തം എത്ര മനോഹരമാണ്.

അങ്ങനെയുള്ളവർ പൂന്തോട്ടത്തിൽ സൗരഭ്യം പരത്തുന്ന
പുഷ്പം പോലെയാണ്.
അവരുടെ സാന്നിധ്യം സമൂഹത്തിൽ ആനന്ദം പകരും.
അങ്ങനെ ഓരോ വ്യക്തികളും ആഗ്രഹിച്ചാൽ എത്ര
നല്ലതായിരുന്നു.
യേശുവിന്റെ സ്നേഹം ഉള്ളിലുള്ളവർക്ക് ഏതു
പ്രതിസന്ധികളുടെ നടുവിലും സമാധാനത്തോടെ ജീവിക്കാൻ
കഴിയും.
അവർ സൗമ്യതയുള്ളവർ ആയിരിക്കും






## The Editor's Letter

ഒരു യുദ്ധത്തിന്റെ ഭീതിയിലാണല്ലോ ലോകം.  ഭയവും ആശങ്കയും
എങ്ങും നിഴലിച്ചു നിൽക്കുന്നു.  നാളെയെക്കുറിച്ചുള്ള
ആകുലതയാണെങ്ങും.  ലോകം സമാധാനത്തിനായി ഉണ്ടാക്കുന്ന
ശ്രമങ്ങൾ പലതും വിഫലമായിക്കൊണ്ടിരിക്കുന്നു.
എന്നാൽ ക്രിസ്തുവിലൂടെയുള്ള സമാധാനവും സന്തോഷവും മാത്രമേ
നിലനിൽക്കുകയുള്ളൂ എന്നു ഒരു ക്രിസ്തുഭക്തന്   മനസിലാകും.
അവയെല്ലാം ദൈവീകദാനമായ പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്നു.

ചുറ്റുപാടുകളിൽ എന്തെല്ലാം സംഭവിച്ചാലും, അനിശ്ചിതത്വമാണ്
അടുത്തനിമിഷമെങ്കിലും, അവിടെയെല്ലാം ധൈര്യം നൽകുന്നത്
പരിശുദ്ധാത്മാവാണ്.

ആ ധൈര്യവും ബലവും നമ്മിൽ ഉണ്ടായാൽ ഏതു
പ്രതിസന്ധികളെയും മറികടക്കുവാൻ നമുക്ക് കഴിയും.

പരിശുദ്ധാത്മാവിനാൽ ഉളവാകപ്പെടുന്ന സമാധാനവും സന്തോഷവും
സൗമ്യതയുമൊക്കെ നമ്മിൽ നിന്നും ലോകത്തിലേക്ക്
പകരുമാറാകട്ടെ.. മറ്റുള്ളവർക്കും ഈ സന്തോഷം അനുഭവിക്കുവാൻ
നമ്മിൽകൂടെ സാധിക്കട്ടെ..

ലോകസമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം..

*PRABHA JOHN*




# ആത്മീയതയുടെ തെളിവായ സമാധാനം



ALBA BOBY

പാലസ്തീൻ - യിസ്രായേൽ യുദ്ധം കൊടുമ്പിരി കൊണ്ട് നിൽക്കുന്ന ഈ സമയത്തു അന്താരാഷ്ട്രപരമായ സമാധാനത്തിന്റെ അത്യാവശ്യകത നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. ആശങ്കകൾക്ക് നടുവിൽ വഴിയൊരുക്കപ്പെടുമ്പോൾ "ഇപ്പോഴാ സമാധാനം ആയെ" എന്നത് സ്ഥിരമായി കേൾക്കാറുള്ള ഒരു പല്ലവി ആണ്
കേൾക്കുമ്പോൾ ഇമ്പം തരുന്ന ഒരു പദമാണ് സമാധാനം. പരിശുദ്ധാത്മാവിന്റെ ഫലത്തിലെ ഒന്നാണ് സമാധാനം എന്ന് ഗലാത്യർ 5.22 ൽ പ്രതിപാദിച്ചിരിക്കുന്നു. ദൈവമക്കളിൽ വെളിപ്പെട്ടു വരേണ്ട ഒരു പ്രകൃതമാണ് സമാധാനം.
ദൈവവുമായി ഉള്ള നമ്മുടെ ബന്ധത്തെ വിളിച്ചു പറയുന്നതാണ് സമാധാനം. ഗിരിപ്രഭാഷണത്തിൽ കർത്താവ് പറഞ്ഞു:" സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ;അവർ ദൈവത്തെ കാണും."

ഒരു ക്രിസ്തീയ വിശ്വാസിയിൽ സമാധാനം നിഴലിച്ചു നിൽക്കുന്ന 7 കാര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

1. ദൈവാശ്രയം :- ദൈവത്തിലുള്ള ആഴമായ വിശ്വാസവും, അചഞ്ചലമായ ആശ്രയവും ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സമാധാനത്തെ പകരും. പ്രശ്നങ്ങൾ തലയ്ക്കു മീതെ പോകുമ്പോൾ, ദൈവാശ്രയം നമ്മെ ഉറപ്പോടെ നിർത്തുന്നു. നമ്മുടെ ആശങ്കകൾ, സങ്കടങ്ങൾ എല്ലാം പിതാവിന്റെ കരത്തിൽ പരിപൂർണ്ണമായ ഏൽപ്പിക്കപ്പെട്ടു എന്നതാണ് ഈ സമാധാനത്തിന്റെ രഹസ്യം.

2. സംതൃപ്തി- ക്രിസ്തീയ വിശ്വാസം മുൻതൂക്കം കൊടുക്കുന്ന ഒരു മൂല്യമാണ് സംതൃപ്തി. ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ ഇരിക്കുവാൻ കഴിഞ്ഞാൽ, സമാധാനത്തോടെ അവയെ നേരിടുവാൻ ഒരുവനു കഴിയും. അഭിവൃദ്ധിയുടെ സുവിശേഷം ചിലപ്പോഴൊക്കെ സംതൃപ്തിയുടെ സുവിശേഷത്തെ വിഴുങ്ങിക്കളയുവാൻ ശ്രമിക്കുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലൗകിക സുഖങ്ങൾ പരമാവധി ആസ്വദിക്കണമെന്ന ചിന്ത സംതൃപ്തി എന്ന അനുഭവത്തിന് വിഘ്നം വരുത്തുന്നതാണ്

3. ക്ഷമ - മറ്റുള്ളവരോട് ക്ഷമിക്കുവാൻ കഴിഞ്ഞാൽ സമാധാനത്തോടെ ബന്ധങ്ങൾ നിലനിർത്തുവാൻ കഴിയും. മറ്റുള്ളവരോട് പൂർണ്ണമായി ക്ഷമിക്കാൻ കഴിയുന്ന സ്വഭാവഗുണം, ശാരീരികമായ സ്വസ്ഥത, മാനസികമായ സമാധാനം, ആത്മീകമായ സന്തോഷം ഇവയെല്ലാം പ്രദാനം ചെയ്യുവാൻ കഴിയുന്ന ഒന്നാണ്. പ്രതികാരബുദ്ധി സമാധാനത്തെ തകർക്കും

4. ആത്മീയത:-പ്രാർത്ഥന, വചനധ്യാനം തുടങ്ങിയ ആത്മീയ ശീലങ്ങൾ നമ്മെ ക്രിസ്തുവിൽ ഉറപ്പിക്കുകയും, നമ്മുടെ ദൃഷ്ടിയെയും ദർശനത്തെയും വിശാലമാക്കുകയും, അതിലൂടെ സമാധാനത്തോടെ കാര്യങ്ങളെ സമീപിക്കുവാൻ ശീലിപ്പിക്കുകയും ചെയ്യും.

5. ക്രിസ്തീയ മൂല്യങ്ങൾ :-ക്രിസ്തീയ മൂല്യങ്ങൾ മുറുകെ പിടിക്കുന്നവർ ആണെങ്കിൽ ഹൃദയത്തിൽ നല്ല സമാധാനം അനുഭവിക്കുവാൻ കഴിയും.തിരുവചനം കാണിച്ചുതരുന്ന ധാർമ്മികതയും,മൂല്യങ്ങളും ജയകരമായ ക്രിസ്തീയജീവിതത്തിനു ഉതകുന്നതാണ് .

6. പ്രത്യാശ :- ദൈവരാജ്യത്തിനായി കാത്തിരിക്കുന്നതും, നമ്മുടെ പ്രത്യാശയെക്കുറിച്ചുള്ള ഉറപ്പും നമ്മെ സമാധാനത്തോടെ കാക്കുന്നതാണ്.

7. സമർപ്പണം:- ഓരോ നിമിഷത്തിലും ദൈവത്തിങ്കലേക്ക് ജീവതം സമർപ്പിച്ചാൽ സമാധാനത്തോടെ ഇരിക്കുവാൻ കഴിയും. നാം സമർപ്പിക്കപ്പെട്ടവർ എന്ന് ലോകം കാണണമെങ്കിൽ നമ്മുടെ സമാധാനപരമായ ശീലങ്ങൾ അവർ ദർശിക്കണം.

ലോകത്തിന്റെ ഗതിയിലുള്ള സമാധാനം അല്ല യേശുകർത്താവ് നമുക്ക് വാഗ്ദത്തം ചെയ്തത്. ക്രൂശിലെ ത്യാഗത്തിലൂടെ ഒരിക്കലും സാധ്യമല്ലാതിരുന്ന, വിച്ഛേദനം ചെയ്യപ്പെട്ടിരുന്ന ബന്ധം ക്രമത്തിലാക്കി, മനുഷ്യനും ദൈവവുമായുള്ള നിരപ്പൊരുക്കി, ശാശ്വതമായ സമാധാനത്തിലേക്ക് മനുഷ്യനെ കൊണ്ടുവന്ന യേശുകർത്താവ് ആണ് എന്നെന്നേക്കുമുള്ള സമാധാന പ്രഭു.
നമ്മളിലൂടെ എന്തെങ്കിലും പ്രവർത്തികൾ ദൈവത്തിന് ചെയ്തെടുക്കണമെങ്കിൽ നാം സമാധാനമുള്ളവരും,സമാധാനം ഉണ്ടാക്കുന്നവരും ആയിരിക്കണം. സമൂഹത്തിൽ സഭയിൽ, സമാധാനം ഉണ്ടാക്കുന്ന ആത്മാവിന്റെ പ്രതിഫലനമാകുന്ന ഒരു ജീവിതശൈലി നമുക്കുണ്ടാകട്ടെ! മാറാനാഥാ!






SALOME SAM

Gentleness is the quality or characteristic of being kind, tender, mild-mannered, compassionate, and considerate. To be gentle means showing love and care for others in how you act and speak. Gentleness is the quality of showing kindness and of being calm in dealing with others (1 Peter 3:15). Jesus comes as the perfect 'role model' of being gentle and meek. (Matthew:11:29). It requires great strength of character and self-control to be gentle. Only the Holy Spirit anointment can help us exhibit 'the fruit of the Spirit' in our day-to-day lives.

Do not underestimate the power of gentleness. Gentleness is strength wrapped in peace, and therein lies the power to change the world. No matter how harsh the world is to you, always maintain your inner beauty by being gentle. Be a little drop of love through gentleness in someone's ocean of pain. It costs nothing to be gentle. A smile, a thank you, and a word of appreciation are all some forms of gentle gestures that can spark happiness that even money can't buy. Gentleness has immense power, which gives us pure joy that makes us healthier and happier. No act of gentleness, no matter how small, is ever wasted.

Psychologists at the University of British Columbia put students on a ten-week gentleness experiment. They found that participants who devoted their time to helping others with homework, school projects, etc. had a lower level of cholesterol and inflammation.

It only takes a split second to smile and be gentle, yet for someone who needs it, it can last a lifetime. Gentleness makes us the most beautiful people in the world,no matter what we look like. Gentleness is like a warm blanket of snow, softly covering and gently touching the heart. Words of gentleness are more healing to a drooping heart than balm or honey.

In the Old Testament, gentleness is illustrated as a stream or river (Isaiah 8:6) and also as a shepherd caring for his flock of lambs (Isaiah 40:11). God himself spoke to Elijah in a gentle whisper (I King 19:11-13). From these examples of gentleness in the Bible we can picturise 'gentleness' as a soft touch, calm reassurance and a loving hand. Also there is a strong connection in the Bible between gentleness and the power of words.

Proverbs indicates that gentle words turn away wrath and are a tree of life (Prov:15:1,4). The power of our gentle words can be life giving and diffuse a tense situation. We are to be calm and respectful when speaking to others. Speak the truth but watch your tone so that the truth will be well received however painful it may be. We demonstrate the Spirit at work in our life when we show gentleness.

## Few practical tips to exhibit gentleness in our day to day life.

* Be considerate of other's feelings and needs.

* Show empathy. Empathy is acknowledging another person's point of view to understand their feelings.

* Be patient with each other making allowances for each other's fault because of your love (Eph:4:2).

* Treat others the way you would like to be treated.

* Speak respectfully to everyone .Consider others as important and worthy of kind regard. Watch your tone so that what you have to say will be well received.

* Be a calm listener.

* Act with tenderness and love.

* Listen more than you speak or act.

* Be humble as you serve and care for others.

Therefore as God's chosen people, holy and dearely loved, clothe yourself with compassion, kindness, humility, gentleness and patience (Colo:3:12). "So be the reason someone smiles. Be the reason someone feels loved and believes in the gentleness in people ".

# FRUIT OF THE SPIRIT






JOISY JOY

"പരിശുദ്ധാത്മാവിന്റെ ഫലം" എന്നത്ദൈവത്തിന്റെ സ്വഭാവമാണ്. ഗലാത്യർ 5:22-23. പരിശുദ്ധാത്മാവിൽ വസിക്കുന്നതിന്റെ ഫലമായി വിശ്വാസികളുടെ ജീവിതത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവയാണ് .

**"പരിശുദ്ധാത്മാവിന്റെ ഫലത്തിന്റെ സന്തോഷം എന്നത് പരിശുദ്ധാത്മാവിലൂടെ ദൈവവുമായുള്ള ആഴമേറിയതും നിലനിൽക്കുന്നതുമായ ബന്ധത്തിൽ നിന്ന് ലഭിക്കുന്ന സന്തോഷത്തിന്റെ അനുഭവത്തെയാണ് പരാമർശിക്കുന്നത്. സാഹചര്യങ്ങൾക്കതീതവും വിശ്വാസത്തിലും ആത്മീയ ബന്ധത്തിലും വേരൂന്നിയ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ആന്തരിക സമാധാനത്തിന്റെയും അഗാധവും ശാശ്വതവുമായ ഒരു വികാരമാണിത്. ഇത് ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ ഫലങ്ങളിലൊന്നാണ്. ഇത് ബാഹ്യ സാഹചര്യങ്ങളെ ആശ്രയിക്കുന്നില്ല, മറിച്ച് ഒരാളുടെ വിശ്വാസത്തിൽ നിന്നും ദൈവവുമായുള്ള ബന്ധത്തിൽ നിന്നും വരുന്ന ആഴത്തിലുള്ള സന്തോഷമാണ്.**

**യേശുക്രിസ്തുവുമായുള്ള ബന്ധത്തിന്റെ ഫലമായി നാം അനുഭവിക്കുന്ന സന്തോഷം, സംതൃപ്തി, ആന്തരിക സമാധാനം എന്നിവ അഗാധവും ശാശ്വതവുമായതാണ്.**

ഈ സന്തോഷം പരിശുദ്ധാത്മാവിന്റെ ദാനമാണ്. വെല്ലുവിളികളുടെയും പ്രയാസങ്ങളുടെയും മുഖത്ത് പോലും നമുക്ക് ശക്തിയുടെയും ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ഉറവിടമാണ്. ഇത് പാപമോചനം, വീണ്ടെടുപ്പ്, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ലഭിക്കുന്ന നിത്യജീവന്റെ വാഗ്ദാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒരു വൃക്ഷം അതിന്റെ ഫലം പുറപ്പെടുവിക്കുന്നത് മറ്റുള്ളവർക്ക് വേണ്ടിയാണ്. അതു പോലെ ക്രിസ്തുവിലുള്ള നമ്മുടെ സന്തോഷം കണ്ടിട്ട് മറ്റുള്ളവർ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെടണം. പരിശുദ്ധാത്മാവുമായുള്ള ആഴമേറിയ ബന്ധം നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമേ ആ സന്തോഷം നമുക്ക് അനുഭവിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ നമ്മുടെ സന്തോഷം മറ്റുള്ളവർക്ക് പ്രയോജനകരമായി തീരണമെങ്കിൽ പരിശദ്ധാത്മാവിൽ നാം . ആയിത്തീരണം അതുകൊണ്ട് ദൈവമക്കളായ നാം ഓരോരുത്തരും പരിശുദ്ധാന്മാവിന്റെ നിറവിൽ ജീവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പരിശുദ്ധത്മാവിലുള്ള സന്തോഷം നമ്മിൽ ഇല്ലായെങ്കിൽ ക്രിസ്തീയജീവിതം ഒരിക്കലും ആനന്ദകരമാകുകയില്ല

**JOY** A deep sense of happiness and contentment, regardless of circumstances










# TAKE CHARGE, DEAR PARENTS!

Dr. NISSI ZACHARIAH

If parenting is hard, Christian parenting is more challenging, as we have a real enemy who has strategic plans against our kids and family.

"The thief comes only to steal, kill, and destroy."
No other intention can be expected from the devil's side, but how are you responding to this battle in an unseen realm?

Give yourself an honest time to understand the struggles our kids are going through as active targets of the enemy.
The devil is trying to steal, kill, and destroy our kids. Most of our kids are being yoked and afflicted under the paws of the enemy. They are mentally, physically, and emotionally attacked by different means. Who else other than their parents can take charge of this situation?

**How long can you stay helpless and powerless before this mess?**

Give yourself no more excuses and take charge of your spiritual authority. Stomp over the giants that are stopping you from being a spiritual warrior and exercising your authority in parenting.
Be it ignorance, indolence, ignoring attitude, or inferiority complex, whatever your problem is, the solution is at our master's feet.

The first step towards deliverance is acknowledging and owning up to our failures and mistakes. Because even a mere exposure and confession of mistakes itself brings light into it, thus loosening the grip of darkness. Let God's light shine on your struggle with parenting

Cry for help, take charge, and share helplessness with a trusted prayer partner. Confessing to one another leads to healing and deliverance, preventing further mess.

Identify the cause of your mess and help yourself first before reaching out to your child. Parents, not children, need to grow spiritually. Outgrow weaknesses, insecurities, and immaturity. God wants to train us in the battle, so submit yourself to be teachable.

Even though our battle and the enemy are real and strong, he is already defeated, and the one who defeated him is by our side. Don't give up on your kids, for we have a friend in Jesus who fondly looks at you and your situation, even if your hopes for your kid are dead, like that widowed mother of Nain. Also, we are provided with the help of the Holy Spirit to proclaim the victory already won through our lives. So buckle up and bravely face your battles.
Parents should avoid falling into two categories of mothers who showed dangerous parenting patterns, one robbed her baby and the other killed her baby by dozing off.

Let us instead be spiritually awake, strong, and fully aware of the ways of the enemy. Provide strong walls of fire through our prayers around our children. Take charge!



# PARENTING



## യുദ്ധം ഏറ്റെടുക്കുക, പ്രിയപ്പെട്ട മാതാപിതാക്കളേ!

Dr. NISSI ZACHARIAH

രക്ഷാകർതൃത്വം കഠിനമാണെങ്കിൽ, ക്രിസ്ത്യൻ പേരെന്റ്റിങ് കൂടുതൽ വെല്ലുവിളി നിറഞ്ഞതാണ്, കാരണം നമ്മുടെ കുട്ടികൾക്കും കുടുംബത്തിനും എതിരെ തന്ത്രപരമായ പദ്ധതികളുള്ള ഒരു യഥാർത്ഥ ശത്രു നമുക്കുണ്ട്.
കള്ളൻ വരുന്നത് മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും മാത്രമാണ്."
പിശാചിന്റെ ഭാഗത്ത് നിന്ന് മറ്റൊരു ഉദ്ദേശവും പ്രതീക്ഷിക്കാനാവില്ല, എന്നാൽ അദൃശ്യമായ ഒരു മണ്ഡലത്തിലെ ഈ യുദ്ധത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?

ശത്രുവിന്റെ ഒരു സജീവ ലക്ഷ്യമെന്ന നിലയിൽ നമ്മുടെ കുട്ടികൾ കടന്നുപോകുന്ന പോരാട്ടങ്ങൾ മനസ്സിലാക്കാൻ നമ്മൾക്ക് ആത്മാർഥമായി സമയം എടുക്കാം. പിശാച് നമ്മുടെ കുട്ടികളെ മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും ശ്രമിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ മാനസികമായും ശാരീരികമായും വൈകാരികമായും വിവിധ മാർഗങ്ങളിലൂടെ ആക്രമിക്കപ്പെടുന്നു.

ഈ അവസ്ഥകളിൽ നിസ്സഹായരായിപ്പോകുന്ന നമ്മുടെ കുഞ്ഞുങ്ങളെ സഹായിക്കാൻ മാതാപിതാക്കൾക്കപ്പുറമായി മറ്റാർക്കാണ് കഴിയുന്നത്?

അജ്ഞതയോ, അലസതയോ, അവഗണിക്കുന്ന മനോഭാവമോ, അപകർഷതാബോധമോ, നിങ്ങളുടെ പ്രശ്നം എന്തുമാകട്ടെ, പരിഹാരം കർത്താവിന്റെ പക്കലാണ്.
മോചനത്തിലേക്കുള്ള ആദ്യപടി നമ്മുടെ പരാജയങ്ങളും തെറ്റുകളും അംഗീകരിക്കുക എന്നതിലാണ്.
"എന്തെന്നാൽ ഇരുട്ടിൽ വെളിച്ചം പ്രകാശിക്കുമ്പോൾ അന്ധകാരത്തിന് അതിനെ കീഴടക്കാൻ കഴിയില്ല" - യോഹന്നാൻ 1:5

"
സഹായത്തിനായി കർത്താവിനോട് നിലവിളിക്കുക, ദൗത്യം ഏറ്റെടുക്കുക.

നിങ്ങൾക്ക് ഒരു പ്രാർത്ഥന പങ്കാളിയുണ്ടെങ്കിൽ, നിങ്ങളുടെ നിസ്സഹായ അവസ്ഥ ആ വ്യക്തിയുമായി പങ്കിടുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുക.
ആത്മീയ മണ്ഡലത്തിൽ വളരാനും പഠിക്കാനും പക്വത പ്രാപിക്കാനും നമ്മെ സഹായിക്കാൻ ദൈവം നമ്മുടെ ജീവിതത്തിലേക്കു അയച്ചവരാണ് നമ്മുടെ കുട്ടികൾ.

നമ്മുടെ യുദ്ധവും ശത്രുവും യഥാർത്ഥമാണെങ്കിലും, പിശാച് തോറ്റവൻ ആണെന്നും, നമ്മുടെ ജീവിതത്തിലൂടെ വീണ്ടും ജയം കൊണ്ടാടുവാനും തന്നെയാണ് ദൈവം പ്രതിസന്ധികളെ അനുവദിക്കുന്നത് എന്നുമുള്ള തിരിച്ചറിവോടെ ധൈര്യമായി നമ്മുടെ യുദ്ധം ചെയ്യാം.

ശലോമോൻ രാജാവിന്റെ കാലത്ത് തന്റെ അടുക്കൽ വന്ന രണ്ട് അമ്മമാരുടെ അപകടകരമായ അവസ്ഥ നമ്മുടെയും ജീവിതത്തിൽ ഉണ്ടാകാതെ നമുക്ക് സൂക്ഷിക്കാം.
ഒരമ്മ തന്റെ കുഞ്ഞിനെ കളവ് കൊണ്ടുപോയതിൽ അജ്ഞയായിരുന്നപ്പോൾ മറ്റേ അമ്മയുടെ ഉറക്കം തന്റെ കുഞ്ഞിന്റെ ജീവൻതന്നെ അപകടത്തിൽ ആക്കുകയാണ് ചെയ്തത്.

പകരം നമുക്ക് പരിജ്ഞാനം ഉള്ള മാതാപിതാക്കളായി ശത്രുവിന്റെ തന്ത്രങ്ങളെ വഴികളെയും പൂർണമായി തിരിച്ചറിഞ്ഞു കൊണ്ട് ശക്തമായി ഉണർന്ന് പ്രാർത്ഥനയുടെ തീ മതിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ചുറ്റും പണിയാം അവരെ സൂക്ഷിക്കാം.

# എന്റെ അനുഭവം

അമ്മുക്കുട്ടി ജോർജ്ജ്,



പെന്തക്കോസ്ത് മാതാപിതാക്കളാൽ ജനിച്ചു വളർത്തപ്പെട്ട ഒരു വ്യക്തിയായിരുന്നു ഞാൻ. ചെറുപ്രായത്തിൽ തന്നെ സണ്ടേസ്കൂൾ പഠിക്കുകയും പഠനാന്തരം അധ്യാപികയാകുകയും ചെയ്തു. ഇപ്പോൾ എനിക്ക് രണ്ടുമക്കളും ആറ് കൊച്ചുമക്കളും ഉണ്ട്.

എന്റെ ജീവിതത്തിൽ എല്ലാ സുഖ സൗകര്യങ്ങളും ദൈവം തന്നു. എന്നാൽ ദൈവ വചനവുമായി കാര്യമായ ബന്ധം ഉണ്ടായിരുന്നില്ല. വേദപുസ്തകത്തിലെ ചില പുസ്തകങ്ങൾ മാത്രം വായിച്ചിരുന്നു. സങ്കീർത്തനത്തിലെ ചില അധ്യായങ്ങളും, പുതിയനിയമത്തിലെ ചില പുസ്തകങ്ങളും മാത്രമേ വായിക്കാറുണ്ടായിരുന്നുള്ളൂ. വെളിപ്പാട് പുസ്തകം വായിക്കുകയോ അതിന്റെ അർത്ഥം എന്തെന്ന് ഗ്രഹിക്കുകയോ ചെയ്തിരുന്നില്ല.

ഒരിക്കൽ ഒരു ദൈവദാസൻ വെളിപ്പാട് പുസ്തകം 9 ആം അധ്യായം പ്രസംഗിക്കുന്നതിന്റെ ഒരു കാസറ്റ് ലഭിക്കാനിടയായി. വീട്ടിൽ ആരും ഇല്ലാതിരുന്ന സമയത്തു ഞാൻ അതു കേട്ടു. എന്റെ ഹൃദയത്തിൽ വലിയ സന്തോഷം ഉണ്ടായി. അതിനാൽ ഒരു പ്രാവശ്യം കൂടെ ഞാൻ ആ പ്രസംഗം കേട്ടു. അതിനു ശേഷം വെളിപ്പാട് പുസ്തകം വായിക്കാൻ ആഗ്രഹമുണ്ടായി. ഓരോ അദ്ധ്യായവും വായികുന്തോറും അതു മനഃപഠമാക്കണം എന്ന ആഗ്രഹം എന്നിൽ ഉണ്ടായി. അങ്ങനെ അതിലെ 22 അധ്യായങ്ങളും ഞാൻ മനപഠമാക്കി.

അതു മനഃപഠമാക്കുമ്പോൾ എനിക്ക് 38 വയസ്സായിരുന്നു. പിന്നീട് വേദപുസ്തകം ക്രമമായി വായിക്കണം എന്ന ഒരാഗ്രഹം ദൈവ തന്നു. അവ വായിക്കുമ്പോൾ അതും മനഃപഠമാക്കണം എന്നു തോന്നും.

അങ്ങനെ ദൈവ കൃപയാൽ വേദപുസ്തകത്തിലെ 9 പുസ്തകങ്ങൾ- രൂത്ത്, എസ്ഥേർ, യോനാ, മലാഖി, എബ്രായർ,യാക്കോബ്, 1,2 പത്രോസ്, വെളിപ്പാട് എന്നിവ-മനപഠമാക്കി.

ഓരോ പുസ്തകവും വായിക്കുന്തോറും അതിലെ വചനങ്ങൾ എന്നെ ചിന്തിപ്പിക്കും.

1. രൂത്തിന്റെ പുസ്തകം- അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള സ്നേഹം.

2. എസ്ഥേർ... മോർദഖായിക്കു തന്റെ ജനത്തോടും വളർത്തുമകളോടുമുള്ള സ്നേഹം.

3. യോനാ- ദൈവശബ്ദത്തെ മറുതലിച്ചിട്ടു ഓടിപ്പോയെങ്കിലും മടങ്ങിവരുന്ന യോനാ.

4. മലാഖി-
ദശാംശത്തിലും വഴിപാടിലും ദൈവത്തെ തോൽപ്പിക്കുന്ന ജനം. ഊനമില്ലാത്ത ആണാട്ടിൻകുട്ടി ഉണ്ടായിരിക്കെ ഊനമുള്ള തള്ളയാട്ടിൻക്കുട്ടിയെ ദൈവത്തിനു യാഗം കഴിക്കുന്ന വഞ്ചകർ. അവർക്ക് കിട്ടുന്ന ശാപം.

5. എബ്രായർ- ദൈവത്തിനു വേണ്ടി പൊരുതിനിന്ന വിശ്വാസ വീരന്മാർ

6. യാക്കോബ്- നാവിനെ (സംസാരം) പറ്റിയുള്ള ദൈവീക പരാമർശം, ശ്രദ്ധയോട് കൂടിയ പ്രാർത്ഥനയുടെ പ്രാധാന്യം.

7. 1,2 പത്രോസ്-

ചിലർ വിചാരിക്കുന്നതുപോലെ ദൈവം തന്റെ വാഗ്ദത്തം നിവർത്തിപ്പൻ താമസിക്കുന്നില്ല.

9. വെളിപ്പാട്-

കർത്താവിന്റെ മടങ്ങി വരവിന്റെ അടയാളങ്ങൾ...

ഇവയൊക്കെയാണ് ഈ പുസ്തകങ്ങൾ മനഃപഠമാക്കാൻ എന്നെ പ്രേരിപ്പിച്ചത്.

എന്റെ 54ആം വയസ്സിൽ ബൈബിൾ കോളേജിൽ നിന്നും M.Div degree എടുക്കാൻ ദൈവം സഹായിച്ചു. അനേകം വീടുകൾ സന്ദർശിച്ചു സുവിശേഷം അറിയിക്കാനും, കൻവെൻഷനുകളിൽ പ്രസംഗിക്കാനും അനേക സ്റ്റേജുകളിൽ വെളിപ്പാട് പുസ്തകം മനഃപഠമായി പറയാനും ദൈവം അവസരങ്ങൾ നൽകി.

മറ്റു പുസ്തകങ്ങളെക്കാൾ വേദപുസ്തകം വായിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. 68 വയസ്സിനിടയിൽ 74 പ്രാവശ്യം ബൈബിൾ മുഴുവൻ വായിക്കാൻ സാധിച്ചു. ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുന്നു.

ഇതു വായിക്കുന്ന ഓരോ വ്യക്തികളോടും പ്രത്യേകിച്ച് കുഞ്ഞുങ്ങളോട് പറയുന്നത്, വേദപുസ്തകം വായിക്കുക. അതു നിങ്ങളെ ഉയർത്തും.

അനേക കുഞ്ഞുങ്ങൾ ഇന്ന് ദൈവ ഭയമില്ലാത്തവരായി മാറിക്കൊണ്ടിരിക്കുന്നു.

ദൈവ വചനം കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാണ് (സങ്കീ 119:105)

നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. അതുകൊണ്ടു നമ്മൾ ആരും നഷ്ടപ്പെട്ടുപോകരുത്.

ദൈവ വചനം വായിക്കുകയും പഠിക്കുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്താൽ നമുക്ക് നിത്യരാജ്യത്തിൽ എത്തിചേരാം..

അതിനായി ദൈവം എല്ലാവരെയും സഹായിക്കുമാറാകട്ടെ

**അമ്മുക്കുട്ടി ജോർജ്ജ്,**
പ്രിയ ഭവൻ, വിളക്കുടി ,
കുന്നിക്കോട്

---

*""I have but one candle of life to burn, and I would rather burn it out in a land filled with darkness than in a land flooded with light"*

*John Keith Falconer"*

# നിഷേധാത്മക അഭിപ്രായം (negative comments) ഒഴിവാക്കുക

ഒരു വീട്ടിൽ വന്ന അതിഥികളുമായി വീട്ടിലുള്ളവർ കുശലം പറഞ്ഞുകൊണ്ടിരിക്കെ വളർത്തുമൃഗങ്ങളെപ്പറ്റിയുള്ള ചർച്ചകൾ നടന്നു. രാവിലെ ജോലിക്കുപോകുമ്പോൾ മുതൽ സന്ധ്യക്ക് മടങ്ങി വരുന്നതുവരെ സ്വന്തം നായയെ ചങ്ങലക്കിടേണ്ടി വരുന്നതിലെ പ്രയാസം ആ വീട്ടിലെ വനിത വേദനയോടെ പറഞ്ഞു.

ഇതു കേട്ടു നിൽക്കുകയായിരുന്ന അതിഥിയുടെ ഭർത്താവ് പെട്ടെന്ന് പ്രതികരിച്ചു; "എനിക്കിതു പെട്ടെന്ന് മനസിലാകും. ജീവിതം മുഴുവൻ ഞാൻ ചങ്ങലയിൽ കിടക്കുകയല്ലേ?"

ഭാര്യയുടെ പേര് സൂചിപ്പിച്ചില്ലെങ്കിലും അദ്ദേഹം ഫലത്തിൽ ഭാര്യയുടെ മുഖത്തു പരസ്യമായി അടിക്കുകയായിരുന്നു.

ദു:സൂചനകൾ നിറഞ്ഞുനിൽക്കുന്ന ഇത്തരം അഭിപ്രായങ്ങൾ വ്യക്തിബന്ധങ്ങളെ വല്ലാതെ ഉലച്ചേക്കാം. പറയുന്നയാൾ നേരമ്പൊക്കെന്നു കരുതിയാൽ തന്നെയും, മറ്റൊരാൾക്ക് അവ അരോചകമോ വേദനാജനകമോ ആയിത്തീരാം. അതു മാനസിക അകൽച്ചയ്ക്ക് കാരണമാകും.

കൈവിട്ട കല്ലും വാവിട്ട വാക്കും തിരിച്ചെടുക്കാൻ കഴിയില്ലെന്ന് പഴമൊഴി....

നിങ്ങളുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കട്ടെ...

വേദനിപ്പിക്കുന്ന കമന്റുകൾ ഒഴിവാക്കുക

(കടപ്പാട്: ബി.എസ് വാര്യർ)




**മറ്റുള്ളവർ നമ്മെക്കുറിച്ചു പറയുന്നതെല്ലാം നാം കേൾക്കണമെന്നില്ല. കേൾക്കുന്നതെല്ലാം ശെരിയായിരിക്കണമെന്നുമില്ല.**

**നല്ലതും ആവശ്യമായതും മാത്രം കേൾക്കുക.**

**ദൈവത്തിൽനിന്നും കേൾക്കുക കേട്ടത് അധികം ശ്രദ്ധയോടെ കരുതികൊൾക**



# യുദ്ധം



യുദ്ധങ്ങളുടെ കണക്കെടുപ്പുകൾ എപ്പോഴും നഷ്ടം തന്നെയാണ് . ഒരായുസ്സിൽ നേടിയെടുത്തതെല്ലാം ഒരു നിമിഷം കൊണ്ട് ചാരമായിപോകുന്നത് നിസ്സംഗതയോടെ നോക്കിനിൽക്കേണ്ടി വരുന്നവർ, കണ്ണിൻ മുമ്പിൽ ചേതനയറ്റു കിടക്കുന്ന കുടുംബ അംഗങ്ങൾ, എവിടേക്ക് പോകണമെന്നറിയാതെ അലയുന്നവർ, അനാഥമാകുന്ന ബാല്യങ്ങൾ... ശാരീരിക വൈകല്യങ്ങൾ, വിധവമാരാകുന്നവർ, ഒറ്റപ്പെടലുകൾ, മാനസിക തകർച്ച, ഉൾഭയം, എന്നിവയിലൂടെ കടന്നുപോകേണ്ടിവരുന്ന സാധാരണക്കാരായ ജനങ്ങൾ....

ആരുടെയൊക്കെയോ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി ബലിയാടാകേണ്ടിവരുന്ന പാവം മനുഷ്യർ, കാലത്തിനൊത്തു മുന്നേറാതെ, നൂറ്റാണ്ടുകൾക്കു പിന്നിലേക്കു നടന്നുകയറാനും അതിലേക്കു നയിക്കാനുമുള്ള ആഹ്വാനവുമായി ഒരുപറ്റം ജനത്തെ തകർച്ചയിലേക്ക് തള്ളിവിടാനുള്ള പ്രത്യയശാസ്തവുമായി മുറവിളികൂട്ടുന്ന മതമേലധ്യക്ഷന്മാർ.....ആരെയാണ് ഈ ജനത വിശ്വസിക്കേണ്ടത്...? എവിടെയാണ് ആശ്രയിക്കേണ്ടതു എന്നറിയാതെ ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന തലമുറ. നമ്മെപ്പോലെ ജീവിക്കുവാൻ സർവ്വ സ്വാതന്ത്ര്യവും ഉണ്ടായിട്ടും ഈയ്യാംപാറ്റകളെപോലെ കൊഴിഞ്ഞുവീഴുന്ന ഒരു ജനത....

പ്രാർത്ഥിക്കാം....🙏

ദൈവം നൽകുന്ന യഥാർഥ സമാധാനം അനുഭവിക്കുവാൻ ഇടവരട്ടെ എന്നു പ്രാർത്ഥിക്കാം

**KINDNESS:**
TREATING OTHERS WITH GOODWILL, EMPATHY, AND COMPASSION

# പദ പ്രശ്നം 1

| | | | | | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 |

## ചോദ്യങ്ങൾ

### താഴോട്ട്

**8. (1-7)** വംശാവലി പ്രകാരം ദൈവത്തിന്റെ മകൻ

**9. (19-31)** ഒരു മുടിങ്കോൽ കൊണ്ടു **600** പേരെ കൊന്നവൻ

**10.(4-16)** തൊഴുത്തുകൾക്കിടയിൽ പാർക്കുന്നവൻ

**11. (5-23) 50** പേർ **3** ദിവസം അന്വേഷിച്ചിട്ടും കിട്ടാത്ത പ്രവാചകൻ

**12. (12-36)** എക്രോനിലെ ദേവൻ

**13.(15-21)** കിടക്കമേൽ നീതികേട് നിരൂപിച്ചു തിന്മ പ്രവർത്തിക്കുന്നവർക്ക് അയ്യോ കഷ്ടം എന്നു പ്രവചിച്ചതാര്?

**14. (20-32)** രാജാവിനെ ഹൃദയത്തിൽ നിന്ദിച്ച സ്ത്രീ

**15. (27-33)** കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തി.

### വലത്തോട്ട്

**1. (1-3)** ദാവീദിന്റെ ഗായക സംഘത്തിലെ തലവൻ

**2. (5-6) 40** വർഷം യിസ്രായേലിന് ന്യായപാലനം ചെയ്തവൻ

**3. (8-9)** ജനസംഖ്യാ നിർണ്ണയത്തിൽ എണ്ണപ്പെടാത്ത ഗോത്രം

**4. (13-16)** സ്ത്രീകൾ  അറ്റുപോയെന്നു മൂപ്പന്മാർ പറഞ്ഞ ഗോത്രം

**5. (20-23)** ആഹാബിനെക്കുറിച്ചു എപ്പോഴും ദോഷം പ്രവചിക്കുന്നവൻ

**6. (28-29)** 'ദൈവം നിങ്ങളുടെ സങ്കടം കേൾക്കേണ്ടതിനു നിങ്ങൾ എന്റെ സങ്കടം കേൾപ്പീൻ' എന്നു പറഞ്ഞതാര്?

**7. (34-36)** ഫറവോനെ അനുഗ്രഹിച്ചവൻ

## ചെറു ചിന്ത

ഒരു വാഹനത്തിലോ മൃഗത്തിന്റെ പുറത്തൊ കയറണമെങ്കിൽ അല്പമൊന്നു കുനിഞ്ഞെങ്കിലെ പറ്റുകയുള്ളു.. പദവിയോ സ്ഥാനമോ കുടുംബ മഹിമയോ ഒന്നും അവിടെ പ്രസക്തമല്ല. മറ്റുള്ളവരുടെ മുമ്പിൽ ഒന്നു താഴ്ന്ന് കൊടുക്കുന്നത് ഉയർച്ചയുടെ പടവുകൾ തന്നെയായിരിക്കും. ജീവിത വിജയത്തിന് താഴ്മ അത്യാവശ്യമാണ്.




"തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും




**Write your comments and suggestions.**

**We are here to help you at any time. So call or WhatsApp us.**

**Send your prayer requests**

bbijujacob2@gmail.com

+91 70322 52405

+91 70322 52405

metrocogcochin